**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **20-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് പ്രത്യേക ഇൻഷുറൻസ് പരിരക്ഷാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും അവരുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളെയും ഉൾപ്പെടുത്തി പ്രത്യേക ഇൻഷുറൻസ് പരിരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് 2023-24 കാലഘട്ടത്തിൽ ക്ഷീരകർഷക രെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയം തുകയിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കന്നുകാലികളെ ഉൾപ്പെടുത്തിയിട്ടില്ല.<br><br>എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് 60% കേന്ദ്ര സർക്കാർ ധനസഹായവും 40% സംസ്ഥാന സർക്കാർ ധനസഹായത്തോടെയും എൻ.എൽ.എം. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും, 2017-18 സാമ്പത്തിക വർഷം മുതൽ 100% സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നു.<br><br>അത്യുത്പാദന ശേഷിയുള്ള കന്നുകാലികളുടെ ആകസ്മിക മരണം, ഉല്പാദന ക്ഷമതയില്ലം, പ്രത്യുല്പ്പാദനക്ഷമതയില്ലം ഉണ്ടാകുന്ന നഷ്ടം എന്നിവ കർഷകർക്ക് കനത്ത ആഘാതമാണ് സൃഷ്ടിക്കുന്നത്. ചർമ്മ മുഴ, കുളമ്പുരോഗം, മറ്റു പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന നഷ്ടം കാരണം കർഷകർ മൃഗസംരക്ഷണ മേഖലയിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തടയുന്നതിന്റെ ഭാഗമായും ഇത്തരം പ്രതിസന്ധികളിൽ നിന്നും സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ സഹായിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി. |

| | | | |
|---|---|---|---|
| | | | കൂടാതെ ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണത്തിനും പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും 5 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷയും മൃഗസംരക്ഷണ വകുപ്പ് നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി ക്ഷീരമേഖലയിലെ കർഷകർക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നു. 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്ക് യാതൊരു ആരോഗ്യ പരിശോധനകളും കൂടാതെ പങ്കാളികളാകാവുന്ന പദ്ധതിയിൽ ആരോഗ്യ സുരക്ഷ (1 ലക്ഷം രൂപ, നിലവിലുള്ള അസുഖങ്ങൾക്ക് 50,000/- രൂപ), അപകട സുരക്ഷ (7 ലക്ഷം രൂപ), എന്നിവയുടെ പരിരക്ഷയും 60 വയസ്സ് വരെയുള്ളവർക്ക് ആരോഗ്യസുരക്ഷ, അപകടസുരക്ഷ എന്നിവയോടൊപ്പം ലൈഫ് ഇൻഷ്വറൻസിന്റെ (1 ലക്ഷം രൂപ) പരിരക്ഷയും ലഭിക്കുന്നു.<br><br>കടുത്ത സാമ്പത്തിക നഷ്ടം മൂലം പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു കാർഷികുടുംബത്തിന്റെ അതിജീവനത്തിലേക്കും സാമ്പത്തിക ഭദ്രതയിലേക്കുമുള്ള ഒരു മികച്ച കൈത്താങ്ങ് നൽകുക എന്നതാണ് കന്നുകാലി ഇൻഷുറൻസ് പദ്ധതിയുടെ ലക്ഷ്യം. ക്ഷീര കർഷകരുടെ വരുമാന മാർഗ്ഗമായ ഉരു ആകസ്മികമായി മരണപ്പെട്ടാലോ ഉത്പാദന പ്രത്യുല്പാദന ക്ഷമത നഷ്ട്ടമോ സംഭവിച്ചാലോ അവരുടെ ദൈനംദിന സാമ്പത്തിക ഭദ്രത താറുമാറാകാൻ കാരണമാകും. ആയതിനു ഒരു വലിയ പരിഹാരം എന്ന നിലയിലാണ് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ മൃഗസംരക്ഷണ വകുപ്പ് കന്നുകാലി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് ജീവനോപാധി ഇല്ലാതാകുമ്പോൾ കർഷക കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന നഷ്ടവും അനിശ്ചിതത്വവും നികത്തി അവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കി മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാരും വകുപ്പും കർഷകർക്ക് ഒരു കൈത്താങ്ങായി നിലനിൽക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം. |
| (സി) | ക്ഷീര കർഷകർക്കും കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്രത്തോളം ലഭ്യമായിട്ടുണ്ടെന്നും ഇതിലൂടെ ക്ഷീര മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ? | (സി) | കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം നടപ്പിലാക്കി വരുന്ന പദ്ധതിയിൽ 2023-24 വർഷം 1725/-രൂപ സബ്സിഡിയോട്ടുകൂടി 18089 ക്ഷേമനിധി അംഗങ്ങളായ കർഷകർ എൻട്രോൾ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ ഇതുവരെ 852 കർഷകർക്ക് 2,89,73,461/- രൂപ ക്ലെയിം |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്. 2024-25 ബഡ്ജറ്റിൽ ക്ഷീരസാന്ത്വനം പദ്ധതിയ്ക്കായി വകയിരുത്തിയ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.. പകലന്തിയോളം ക്ഷീരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ചികിത്സാച്ചെലവുകൾക്ക് കൈതാങ്ങ് ആകുന്നതിനും കർഷകർക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുന്നതിനും പദ്ധതി പ്രയോജനം ചെയ്യുന്നു. ഇതിലൂടെ സഹകരണ മേഖല ശക്തിപ്പെടുത്താനും കൂടുതൽ ആളുകളെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിക്കുന്നതാണ്.<br><br>2016-17 സാമ്പത്തിക വർഷം മുതൽ രണ്ടര ലക്ഷത്തോളം പ്രജനനയോഗ്യമായ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും എഴായിരത്തോളം ക്ലയിമുകൾ തീർപ്പാക്കി കർഷകർക്ക് ധനസഹായം നൽകുന്നതിനും കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്. കൂടാതെ 2020-21 പദ്ധതിയിൽ ഉൾപ്പെട്ട കർഷകൻ മരണമടഞ്ഞതിനു 5 ലക്ഷം രൂപ ധനസഹായം നൽകുന്നതിനും സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മൂലം സാധിച്ചു. |

സെക്ഷൻ ഓഫീസർ